## നോട്ടിഫിക്കേഷൻ
## വിനോദസഞ്ചാരവകുപ്പ്
## പാർക്ക് വ്യൂ,
## തിരുവനന്തപുരം

ടൂറിസം വകുപ്പിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ). അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) എന്നീ തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം ഉള്ള സർക്കാർ വകുപ്പുകളിൽ നിന്നോ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ സമാന തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

**1. എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)**
**(സ്കെയിൽ: 95600-153200)**

സിവിൽ എഞ്ചിനീയറിംഗിൽ ബിരുദമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ നിന്നും അന്യത്രസേവനം.

**2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)**
**സ്കെയിൽ: (59300-120900)**

സിവിൽ എഞ്ചിനീയറിംഗിൽ ബിരുദമുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ നിന്നും അന്യത്രസേവനം.

**3. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)**
**(സ്കെയിൽ 55200-115300)**

സിവിൽ എഞ്ചിനീയറിംഗിൽ ബിരുദമുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും അന്യത്രസേവനം.

(i) എല്ലാ തസ്തികകൾക്കും കുറഞ്ഞത് അഞ്ചുവർഷത്തെ പരിചയവും ഏതു തസ്തികയിലേക്കാണോ ഡെപ്യൂട്ടേഷനിൽ വരുന്നത് സമാനമായ തസ്തികയിൽ മാതൃവകുപ്പിൽ കുറഞ്ഞത് രണ്ടു വർഷത്തെ പരിചയവും ഉണ്ടായിരിക്കേണ്ടതാണ്.

(ii) എഞ്ചിനീയറിംഗ് വിഭാഗം ഉള്ള സർക്കാർ വകുപ്പുകളിൽ നിന്നോ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള ജീവനക്കാർക്ക് അപേക്ഷിക്കാവുന്നതും, സിവിൽ എഞ്ചിനീയറിംഗ് പ്രവൃത്തികളുടെ പ്ലാൻ, എസ്റ്റിമേറ്റ്, എന്നിവ തയ്യാറാക്കൽ, ടെൻഡറിംഗ്, എം ബുക്ക് പരിശോധന, കോൺട്രാക്ട് മാനേജ്മെന്റ് പ്രവൃത്തികളുടെ മേൽനോട്ടം, ഗുണപരിശോധന, ബിൽ തയ്യാറാക്കൽ തുടങ്ങിയ പ്രവൃത്തികളിൽ പ്രാവീണ്യം

ഉണ്ടായിരിക്കേണ്ടതുമാണ്.

(iii) ശമ്പള നിരക്ക് മാതൃവകുപ്പിലേതിന് സമാനമായിരിക്കും.

(iv) അപേക്ഷകർക്ക് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ താൽപര്യവും, പ്രാവീണ്യവും ഉണ്ടെങ്കിൽ ആയത് അഭികാമ്യം.

(v) നിയമനം ലഭിക്കേണ്ടുന്ന ജില്ലകൾ വ്യക്തമാക്കി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

തസ്തികകളുടെ ജില്ലാടിസ്ഥാനത്തിലുള്ള ഒഴിവുകളുടെ എണ്ണം

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)

തിരുവനന്തപുരം - 1 (വിനോദസഞ്ചാരവകുപ്പ് ഡയറക്ടറേറ്റ്)

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)

തിരുവനന്തപുരം (വിനോദസഞ്ചാരവകുപ്പ് ഡയറക്ടറേറ്റ് ഉൾപ്പെടെ)- 2

കൊല്ലം/പത്തനംതിട്ട/ആലപ്പുഴ - 1

കോട്ടയം/ഇടുക്കി/എറണാകുളം - 1

തൃശ്ശൂർ/പാലക്കാട്/മലപ്പുറം - 1

കോഴിക്കോട് - 1

വയനാട്/കണ്ണൂർ/കാസർഗോഡ് - 1

3. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)

കോഴിക്കോട് - 1

DIRECTOR

തിരുവനന്തപുരം

05-02-2026